**ഓം ശ്രീ സായിരാം**

# സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 15D

## വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ–നവംബർ 2001

**പ്രഫസർ അനിൽകുമാർ**

### അതും മായാകല്പനയോ?

“സ്വാമീ, ശ്രീരാമചന്ദ്രൻ സീതാവിരഹം കാരണം കരഞ്ഞുകൊണ്ടേയിരുന്നു.”

(രാമായണകഥ നിങ്ങൾക്കറിയാമല്ലോ).

“അതും ഒരു മായാകല്പനയായിരുന്നുവോ? എനിക്കത് അറിയണമെന്നുണ്ട്. അതും ഒരു മായയായിരുന്നുവോ?”

ബാബ പറഞ്ഞു, “അതെ, അതും മായാകല്പനയായിരുന്നു.”



“എങ്കിൽ, എന്തുകൊണ്ടാണവിടുന്ന് കരഞ്ഞത്, സ്വാമീ?”

“അല്ലല്ല! അവിടുന്ന് കരഞ്ഞു, പക്ഷേ അവിടുന്ന് കരഞ്ഞതായി നടിച്ചതേയുള്ളൂ. അവിടുന്ന് വാസ്തവത്തിൽ കരഞ്ഞില്ല.”

ഇതിന് ഞാനെന്തു പറയാനാണ്? എനിക്കീ കാലത്ത് പോയി രാമനെ കണ്ട് അവിടുന്നിനോട് ഈ കാര്യങ്ങൾ തിരക്കാൻ പറ്റില്ലല്ലോ.(*ചിരി*). സ്വാമി സ്വയം രാമനായിരിക്കെ, അവിടുന്ന് ഇപ്രകാരം പ്രഖ്യാപിക്കവെ, ഞാനാരാണ് ചോദ്യം ചെയ്യാൻ?”

“സ്വാമീ, പ്ലീസ്, ഹരി ഓം തത് സത്! എനിക്ക് മനസ്സിലായില്ല. ദയവായി വിശദീകരിച്ചാലും.”

ബാബ പറഞ്ഞു, “രാവണനാൽ അപഹരിക്കപ്പെട്ട സീത…”

ഞാനെങ്ങനെയാണിത് വിശദമാക്കുക? രാവണൻ മറ്റൊരു സ്ത്രീയെയാണ് അപഹരിച്ചത്. ആ സ്ത്രീ സീതയെപ്പോലെതന്നെ തോന്നിച്ചു, പക്ഷേ അവൾ മായാസീതയായിരുന്നു. യഥാർത്ഥ സീത അഗ്നിയിൽ സ്ഥിതി ചെയ്തു. രാവണൻ കൊണ്ടുപോയത് മായാസീതയെ ആയിരുന്നു. ഇത്രയേയുള്ളൂ.

രാമായണത്തിന്റെ അന്ത്യത്തിൽ, രാമൻ യഥാർത്ഥ സീതയെ അഗ്നിയിൽനിന്ന് വീണ്ടെടുക്കുന്നുണ്ട്. അതുകൊണ്ട്, കരഞ്ഞു എന്ന് പറയപ്പെടുന്നത് ഒരു നാട്യം മാത്രമായിരുന്നു; രാമന്റെ കണ്ണീരുപോലും മായയായിരുന്നു. അങ്ങനെയാണ് ഭഗവാൻ അരുളിയത്.

‘‘അപ്പോൾ, സ്വാമീ, മഹാഭാരതവും ഒരു മായാകല്പനയോ?’’



രാമായണം എന്തായാലും കല്പനതന്നെ, ഗുഡ്ബൈ! (*ചിരി*) മഹാഭാരതവും മായാകല്പനയോ?

ബാബ പറഞ്ഞു, ‘‘അതെ, അതും മായാകല്പന തന്നെ.’’

അത് ഭ്രമകല്പനയുടെ ദിവസമായിരുന്നു, അത്രമാത്രം. (*ചിരി*) ചോദ്യമൊന്നുമില്ല- പൂർണവിരാമം. അതും മായാകല്പന തന്നെ.

ബാബ ഈ സംഭവം വിവരിക്കുകയുണ്ടായി:

അക്കാലത്ത്, വധു അവളുടെ വരനെ തെരഞ്ഞെടുക്കുന്നത് പതിവായിരുന്നു. നിരവധി പുരുഷന്മാർ വരും, അവൾ ഒരാളെ തെരഞ്ഞെടുക്കും. വ്യക്തമാണോ? ‘സ്വയംവരം’ അഥവാ ‘സ്വയം തെരഞ്ഞെടുക്കൽ’ എന്നാണിത് അറിയപ്പെട്ടിരുന്നത്. വധുവിനാൽ വരനെ തെരഞ്ഞെടുക്കലായിരുന്നു അത്. ഇന്ത്യയിലെ മുൻകൂറായി ഏർപ്പാടാക്കപ്പെടുന്ന, മക്കൾക്കുവേണ്ടി രക്ഷിതാക്കൾ എർപ്പാടാക്കുന്ന വിവാഹങ്ങൾ പോലെയായിരുന്നില്ല അത്. ഇത് അതുപോലെയല്ല. അക്കാലത്ത്, വധുവിന് തെരഞ്ഞെടുക്കുന്നതിന് സ്വാതന്ത്ര്യമുണ്ടായിരുന്നു.

അവളതെങ്ങനെയാണ് ചെയ്തിരുന്നത്? ഫോട്ടോ കണ്ടിട്ടോ ഒന്നും ആയിരുന്നില്ല. ഒരു പരീക്ഷയുണ്ടായിരുന്നു അതിന്. രാമായണത്തിലെ പരീക്ഷയെന്നത്, വരൻ ശൈവചാപം പൊക്കിയെടുക്കണം എന്നതായിരുന്നു. മഹാഭാരതത്തിൽ, കുളത്തിൽ ഒരു മീൻ കിടപ്പുണ്ടാവും. എല്ലാ രാജകുമാരന്മാരും അതിന്റെ പ്രതിബിംബം നോക്കണം. മുകളിലെ പ്രതിബിംബം നോക്കിക്കൊണ്ട് അവരതിനെ എയ്തു പിടിക്കണം-ഏതാണ്ടിങ്ങനെയായിരുന്നു പരീക്ഷ.

(ദ്രൗപദി അവളുടെ സ്വയംവരത്തിന് ഒരു നിബന്ധന വച്ചിരുന്നു. കറങ്ങുന്ന തടികൊണ്ടുള്ള മത്സ്യത്തിന്റെ കണ്ണ് പ്രതിബിംബം നോക്കിക്കൊണ്ട് എയ്തു പൊട്ടിക്കുന്നതാരാണോ, ആ കുമാരനെ മാത്രമേ താൻ വേൾക്കൂ എന്ന്).

അതുകൊണ്ട്, വിജയിയായാൽ മാത്രമേ ഒരുവന് അവളെ വിവാഹം ചെയ്യാനാവുമായിരുന്നുള്ളൂ, പാവം പയ്യൻ! ആരാണ് വിജയി എന്ന് സശ്രദ്ധം വീക്ഷിച്ചുകൊണ്ട്, വധു അവളുടെ കൈയിൽ ഒരു വരണമാല്യം കരുതിയിട്ടുണ്ടാവും.(*ചിരി*) ആ കക്ഷിയെ തിരിച്ചറിഞ്ഞുകഴിഞ്ഞാൽ, ആ, സ്വാഗതം! അവൾ ചെന്ന് ആ വരണമാല്യം ചാർത്തും.



ബാബ പറഞ്ഞു, "അർജ്ജുനൻ ഒരു സാധുബ്രാഹ്മണന്റെ വേഷത്തിലാണ് ചെന്നത്. അവൻ ഒരു രാജകുമാരന്റെ വേഷത്തിലല്ല ചെന്നത്, അല്ല. ഒരു ദരിദ്രനായ ബ്രാഹ്മണന്റെ വേഷത്തിലാണ് അവൻ എത്തിയത്. അവൻ ശരിക്കും ഒരു രാജകുമാരനാണെന്ന് ദ്രൗപദിക്ക് അറിവുണ്ടായിരുന്നില്ല."

"അതിനാൽ, കൃഷ്ണൻ എന്തൊക്കെ ചെയ്തോ, അതൊന്നും മായയായിരുന്നില്ല. അവിടുന്ന് ഒരു സംവിധായകൻ മാത്രമായിരുന്നു. അവിടുത്തെ ചെയ്തികൾ നമ്മുടെ വീക്ഷണത്തിൽ മായയായി തോന്നിക്കുകയാണ്. കൃഷ്ണൻ ചെയ്തതൊക്കെ ധർമ്മമായിരുന്നു, അത് ഒരിക്കലും അക്കാലത്തെ ധർമ്മത്തിന് വിരുദ്ധമായിരുന്നില്ല. നമ്മുടെ മിഥ്യാഭ്രമം കാരണം നാം അവിടുന്നിനെ തെറ്റിദ്ധരിക്കുകയാണ്, അത്രമാത്രം."

## കൃഷ്ണൻ പാണ്ഡവരോട് പക്ഷഭേദം കാണിച്ചിരുന്നോ?

വീണ്ടും തർക്കിക്കുന്നതിൽ കാര്യമില്ലെന്ന് ഞാൻ കരുതി.

ഞാൻ പറഞ്ഞു, "സ്വാമീ, എനിക്ക് ഇതിലുമധികമായി അവിടുന്നിൽനിന്നും പ്രതീക്ഷിക്കാനാവില്ല. അവിടുന്ന് കൃഷ്ണനെയല്ലാതെ മറ്റാരെ പിന്താങ്ങാനാണ്? സ്വയം അവിടുന്ന് കൃഷ്ണനായിരിക്കെ, സ്വാഭാവികമായും അവിടുന്ന് കൃഷ്ണനെ പിന്താങ്ങുമല്ലോ! എനിക്ക് മനസ്സിലാവും. അതുകൊണ്ട്, അവിടുന്ന് സത്യമാണ്, ഞങ്ങൾ മിഥ്യയും."

ഞാൻ വീണ്ടും പറഞ്ഞു, "സ്വാമീ, കൃഷ്ണൻ പാണ്ഡവരോട് പക്ഷഭേദം കാട്ടിയിരുന്നു."

നിങ്ങൾ മഹാഭാരതം വായിച്ചാൽ, നിങ്ങൾക്ക് മനസ്സിലാവും അവിടുന്നിന് വളരെ പക്ഷ ഭേദമുണ്ടായിരുന്നു. അവർ യുദ്ധം വിജയിക്കുന്നതിന് അവിടുന്ന് എല്ലാ രാഷ്ട്രീയവും കളിക്കുകയുണ്ടായി. (*ചിരി*) പുതിയ ചെറുപ്പക്കാരൊന്നും ഈ വീക്ഷണം അംഗീകരിക്കി ല്ല, പക്ഷേ നമ്മുടെ മാതാപിതാക്കളും പിതാമഹന്മാരും അംഗീകരിച്ചേക്കും. നമ്മുടെ കുട്ടി



കൾ നേരേ പറയും, ‘‘ദയവായി ഒന്നു നിർത്തൂ. എന്തിനാണ് കൃഷ്ണൻ ഇത് ചെയ്തത്? ഈശ്വ രന് ഇങ്ങനെ പക്ഷഭേദം പാടില്ല; അൽപംപോലും ഇത് പാടില്ല.’’

അതുകൊണ്ട്, ഞാൻ ചോദിച്ചു, ‘‘സ്വാമീ, കൃഷ്ണ ൻ പാണ്ഡവരോട് പക്ഷഭേദം കാട്ടിയിരുന്നു. ഈശ്വരൻ ഇപ്രകാരം ചെയ്തത് ന്യായമാണോ? ദയവായി മറുപടി തന്നാലും.’’

സ്വാമി പറഞ്ഞു, ‘‘ഹേ, നീയൊരു വിഡ്ഢിയാണെന്നു തോന്നുന്നു!’’

‘‘തീർച്ചയായും, എനിക്കറിയാം. തോന്നുകയല്ല, ഞാൻ അങ്ങനെയാണ്!(*ചിരി*) എന്തിനായി രുന്നു ഇതെല്ലാം?’’

ബാബ പറഞ്ഞു, ‘‘അവിടുന്നിന് പക്ഷഭേദമുണ്ടായിരുന്നതായി തോന്നിയേക്കാം; എന്നാൽ, വാസ്തവത്തിൽ, കൃഷ്ണന് ഒരിക്കലും പക്ഷഭേദമുണ്ടായിരുന്നില്ല.’’

അവിടുന്ന് തുടർന്നു, ‘‘യുദ്ധം ആരംഭിക്കുന്നതിന് മുമ്പ്, പാണ്ഡവരിൽ ജ്യേഷ്ഠനായ ധർമ്മജൻ മുന്നോട്ടുചെന്ന് ഭീഷ്മരുടെ പാദം തൊട്ടു വണങ്ങി. അദ്ദേഹം പറഞ്ഞു, ‘‘അല്ലയോ പിതാമഹാ, ഇക്കാലമത്രയും അവിടുന്ന് ഞങ്ങളെ കാത്തുപോന്നു. അവിടുന്ന് ഞങ്ങളെ വളർത്തി വലുതാക്കി. ഞങ്ങൾ അങ്ങയോട് അത്യധികം കടപ്പെട്ടിരിക്കുന്നു, പിതാമഹാ. ഈ യുദ്ധത്തിന് എന്നോട് ക്ഷമിച്ചാലും. എനിക്ക് ഈ യുദ്ധത്തിൽ പോരടി ക്കേണ്ടതുണ്ട്. ഞാൻ അങ്ങയുടെ പാദം വന്ദിച്ചുകൊണ്ട് അനുമതിക്കായി അപേക്ഷിക്കുക യാണ്.’’

ഭീഷ്മർ പറഞ്ഞത് എന്താണെന്ന് നിങ്ങൾക്കറിയാമോ?

"ധർമ്മജാ, ധർമ്മം എവിടെയാണോ, വിജയവും അവിടെയാണ്. ഞാൻ നിന്നെ ആശീർവദിക്കുകയാണ്."



അപ്പോൾ ധർമ്മജൻ തന്റെ ഗുരുവായ ദ്രോണരുടെയടുത്ത് ചെന്നു. അദ്ദേഹത്തിന്റെ പാദം വണങ്ങി, "ഓ ഗുരോ, അവിടുന്നാണ് ഞങ്ങളെ എല്ലാ അസ്ത്രവിദ്യയും അഭ്യസിപ്പിച്ചത്. ഇപ്പോൾ ഞാൻ യുദ്ധം ചെയ്യാൻ പോവുകയാണ്. എനിക്ക് അങ്ങയുടെ അനുഗ്രഹവും അനുമതിയും വേണം."

ദ്രോണൻ മറുപടി പറഞ്ഞു, "എന്റെ പ്രിയപുത്രാ, ഇവിടെ നോക്കൂ: ധർമ്മം എവിടെയാണോ, കൃഷ്ണൻ അവിടെയാണ്. കൃഷ്ണൻ എവിടെയാണോ, വിജയം അവിടെയാണ്. ആധി വേണ്ടാ. നീ വിജയിയാവും. എന്റെ ആശീർവാദങ്ങളുമായി പോവൂ."

"കൃഷ്ണൻ അവരോട് പക്ഷഭേദം കാട്ടിയെന്ന് നീ എന്തുകൊണ്ടാണ് പറഞ്ഞത്? ദ്രോണൻ അവരെ അനുഗ്രഹിച്ചു. ഭീഷ്മർ അവരെ അനുഗ്രഹിച്ചു. അവർ എല്ലായ്പോഴും ധർമ്മത്തിന്റെ പാതയിൽ സഞ്ചരിച്ചു. അതുകൊണ്ട്, അവസാനം, അവർ യുദ്ധത്തിൽ വിജയിച്ചു."

ഭഗവാൻ വീണ്ടും തുടർന്നു, "എല്ലാ കൗരവരും യുദ്ധത്തിൽ കൊല്ലപ്പെട്ടു. കൗരവരുടെ മാതാവായ ഗാന്ധാരിയെ ആശ്വസിപ്പിക്കുന്നതിനായി കൃഷ്ണൻ അവരുടെയടുത്ത് ചെന്നു. കൗരവരുടെ മാതാവായ ഗാന്ധാരി കൃഷ്ണനെ പഴിക്കാൻ തുടങ്ങി. 'ഓ പ്രഭൂ, ഇപ്പോൾ അങ്ങയ്ക്ക് സന്തോഷമായോ? അവിടുന്ന് പാണ്ഡവരോട് വളരെ പക്ഷഭേദം കാണിച്ചു. എന്റെ പുത്രന്മാരുടെ മരണത്തിന് അവിടുന്നാണ് ഉത്തരവാദി. അങ്ങയ്ക്ക് സന്തോഷമായോ? അങ്ങ് എന്തുതരം ദൈവമാണ്?' അവർ ഇപ്രകാരം പുലമ്പിക്കൊണ്ടേയിരുന്നു. എത്രയായാലും അവർ അവരുടെ മാതാവായിരുന്നല്ലോ."

"അപ്പോൾ കൃഷ്ണൻ പറഞ്ഞു, "അല്ലയോ ഗാന്ധാരീ, നീയെന്തിനാണ് കരയുന്നത്? വാസ്തവത്തിൽ, നിന്റെ പതിയായ ധൃതരാഷ്ട്രർ ഈ രാജ്യം ഭരിക്കാൻ യോഗ്യനായിരുന്നില്ല, കാരണം അദ്ദേഹം ജന്മനാ അന്ധനായിരുന്നു. അന്ധനായ ഒരുവന് രാജാവാകാൻ

പറ്റില്ലെന്ന് നിനക്കറിയാം. അദ്ദേഹത്തിന് അവകാശമില്ലാതിരുന്നിട്ടും, അദ്ദേഹം ഇത്രയും കാലം രാജാവായി വാണു. എന്നിട്ട്, നീ അദ്ദേഹത്തിന്റെ കാലടികൾ പിന്തുടർന്നു. നിന്റെ ഭർത്താവ് അന്ധനായി ജനിച്ചതുകാരണം, നീ നിന്റെ കണ്ണുകൾ തുണി മൂടിക്കെട്ടി സ്വയം അന്ധയായി. തത്ഫലമായി, നീ നിന്റെ പുത്രരെ കണ്ടിട്ടില്ല, നീ നിന്റെ സ്വന്തം മക്കളെ ആശീർവ്വദിച്ചിട്ടില്ല; അപ്പോൾ, അന്യർ അവരെ ആശീർവദിക്കുമെന്ന് നീയെങ്ങനെ പ്രതീക്ഷിക്കാനാണ്? സ്വന്തം മാതാവിന്റെ ആശീർവാദം ലഭിക്കാത്ത കുട്ടികൾക്ക് ഈശ്വരന്റെ ആശീർവാദം ലഭിക്കുമെന്ന് നിനക്ക് പ്രതീക്ഷിക്കാനാവുമോ? നീ തെറ്റിദ്ധരിച്ചിരിക്കുകയാണ്.''



മഹാഭാരതത്തിൽനിന്നുള്ള ഈ രംഗം ഭഗവാൻ വിവരിക്കുമ്പോൾ, എല്ലാവരെയും അത് വളരെയധികം സ്പർശിക്കുകയുണ്ടായി.

ബാബ മറ്റൊരു ഉദാഹരണം പറഞ്ഞു. ഇതൊരു ചെറിയ ഉപാഖ്യാനമാണ്. അന്ധനായ ഒരുവന് ഒരു കുട്ടിയുണ്ടായിരുന്നു. ഈ അന്ധനായ മനുഷ്യന്റെ ഭാര്യയ്ക്ക് ജോലിക്കു പോവേണ്ടിയിരുന്നു. ജോലിക്കായി പോവുന്നതിനുമുമ്പ്, ഭാര്യ അന്ധനായ തന്റെ ഭർത്താവിനോട് പറയും, ''നോക്കൂ, ഞാൻ പോവുകയാണ്. കുഞ്ഞ് കരയുകയാണെങ്കിൽ, അതിന് പാലെടുത്ത് കൊടുക്കണം.''

അന്ധനായ മനുഷ്യൻ ചോദിക്കും, ''പാല് എങ്ങനെയിരിക്കും?''

ഭാര്യ പറയും, ''നിങ്ങൾക്കറിഞ്ഞുകൂടേ? പാല് വെളുത്തിരിക്കും.''

''ഓ, അതു ശരി. വെളുത്തത് എന്നതുകൊണ്ട് നീയെന്താണ് ഉദ്ദേശിക്കുന്നത്?''

അയാൾ അന്ധനായതുകാരണം, അയാൾ ചോദിക്കുകയാണ്, ''എന്താണ് വെളുപ്പ്?''

ഭാര്യ പറഞ്ഞു, ''കൊക്കിനെപ്പോലെ.''

''ശരി, എന്താണ് കൊക്ക്?''

ആ സ്ത്രീ ഇതുപോലെ അഭിനയിച്ചു കാണിക്കാൻ തുടങ്ങി. (*ചിരി*). ആ മനുഷ്യൻ അന്ധനായിരുന്നു. തന്റെ കൈകൾ കൊക്കിന്റെ ആകൃതിയിൽ വളച്ച് അവൾ തന്റെ അന്ധനായ ഭർത്താവിന് ഇപ്രകാരം നിർദ്ദേശങ്ങൾ നൽകാൻ തുടങ്ങി.

അതുപോലെയാണിതും. അന്ധനായ ധൃതരാഷ്ട്രരാജാവിന് സത്യം അറിയുമായിരുന്നു, പക്ഷേ അദ്ദേഹം സത്യത്തെ പിന്തുടർന്നില്ല. വെള്ളത്തിൽ മുങ്ങിപ്പോവുന്നവന് കുറച്ചുകഴിയുമ്പോൾ സംസാരിക്കാനാവാത്തതുപോലെയാണിത്. ധൃതരാഷ്ട്രർ ബന്ധനമാകുന്ന വെള്ളത്തിൽ മുങ്ങിപ്പോയിരുന്നതുകാരണം അദ്ദേഹത്തിന് സംസാരിക്കാൻ കഴിയുമായിരുന്നില്ല.

## സത്യം പരിശീലിക്കുന്നതെങ്ങനെ?

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, അവിടുന്ന് സത്യത്തെപ്പറ്റി എത്ര സുന്ദരമായാണ് സംസാരിക്കുന്നത്! ആർക്കുംതന്നെ അവിടുത്തെപ്പോലെ സത്യം പറയുവാൻ കഴിയില്ല, കാരണം അവിടുന്ന് സത്യസായിയാണ്. സത്യ എന്നാൽ സത്യമാണ്. സ്വാമീ, ഞങ്ങൾ ഈ സത്യം എങ്ങനെ പരിശീലിക്കും? എനിക്കത് അറിയണമെന്നുണ്ട്. സത്യം മഹത്താണ്. അവിടുന്നത് അതിശയകരമായി വിശദീകരിച്ചിട്ടുണ്ട്.




പക്ഷേ, ഞങ്ങൾ ഈ സത്യം എങ്ങനെ പരിശീലിക്കും?"

ബാബ പറഞ്ഞു, "വളരെ ലളിതം."

"ഓ, അതു ശരി! എങ്ങനെയാണ് സ്വാമീ?"

"രണ്ട് അധികം രണ്ട് സമം നാല് എന്നതുപോലെ, സത്യവും ലളിതവും നിശ്ചിതവുമാണ്. ഒരു സംശയവുമില്ല; ഒരു അവ്യക്തതയുമില്ല. നിങ്ങൾക്കത് നേരേ പിന്തുടരാനാവും."

## നിങ്ങളിലേക്ക് ആകർഷിച്ച് വലിച്ചടുപ്പിക്കുന്നു

ഇതിനിടയിൽ, സ്വാമി അവിടുത്തെ ദൃഷ്ടി ഭക്തരുടെ നേരെ പതിപ്പിച്ചു. എന്നിട്ടവിടുന്ന് തിരികെ ഞങ്ങളെത്തന്നെ നോക്കിയിട്ട് പറഞ്ഞു, "നോക്കൂ! റഷ്യയിൽനിന്നും എഴുപത്തിയൊന്ന് ഭക്തർ ഇവിടെ എത്തിയിട്ടുണ്ട്. ഇവിടിരുന്നുകൊണ്ട് അവരെ ശ്രദ്ധിക്കൂ. അവരെല്ലാവരും തികഞ്ഞ ഏകാഗ്രതയോടെ അവിടിരുന്ന് സ്വാമിയെപ്പറ്റി മാത്രം ചിന്തിക്കുകയാണ്. നിങ്ങൾ അവരെ ശ്രദ്ധിച്ചോളൂ! കുട്ടികളേ, നിങ്ങൾക്കറിയില്ല. ഇന്ന് റഷ്യയിൽ നിരവധി ഭക്തരുണ്ട്. അവരിൽ മിക്കവരുടെയും വീടുകളിൽ അഥവാ ഓഫീസുകളിൽ ബാബയുടെ ഫോട്ടോയുണ്ട്."


Russian Expression of Love for Divine

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, ഷിർദ്ദിസായി ആയിരിക്കുമ്പോൾ അവിടുന്ന് ചെയ്തതുപോലെ, തത്തയുടെ കാലിൽ ചരട് കെട്ടിയിട്ട് അവിടുന്ന് പറത്തുകയും അരികത്തേക്ക് വലിച്ചടുപ്പിക്കുകയുമല്ലേ? ലോകമെമ്പാടുംനിന്ന് അവിടുന്ന് സ്വന്തം ഭക്തരെ അവിടുത്തെ ചരണങ്ങളിലേക്ക് ആകർഷിക്കുകയല്ലേ?"

ആ ദിവസത്തെ സ്വാമിയുടെ പ്രബോധനങ്ങൾ നിറയെ തത്വചിന്തകളായിരുന്നു. അവ വളരെ അഗാധവും തികഞ്ഞ ഗൗരവമുള്ളതുമായിരുന്നു.

## മെക്സിക്കോയിൽനിന്നുള്ള മൂന്ന് ആൺകുട്ടികൾ

എന്നിട്ട് സ്വാമി അവിടുത്തെ കസേരയിലിരുന്ന് കറങ്ങാൻ തുടങ്ങി. നിങ്ങൾക്കറിയാവുന്നപോലെ, സ്വാമി സാധാരണയായി കറങ്ങുന്ന ഒരു കസേരയിലാണ് ഇരിക്കാറ്. പെട്ടെന്ന് അവിടുന്ന് മൂന്ന് വിദേശികളായ ചെറുപ്പക്കാരെ അരികിലേക്ക് വിളിച്ചു.

അവർ ചാടിവന്നു! ബാബയുടെ അരികിലേക്ക് അവർ വരുന്ന കാഴ്ച വളരെ രസകരമായിരുന്നു. സ്വാമിയോടുള്ള നിറഞ്ഞ ഭക്തിയോടെ, വളരെ അകലെനിന്നും എത്തിച്ചേർന്നതാണവർ. സ്വാമി ഏതെങ്കിലും വിദേശിയെ വിളിക്കുമ്പോൾ, എനിക്കവരുടെ വീഡിയോ

ഫോട്ടോ എടുക്കണമെന്നു തോന്നും, കാരണം ഓരോരുത്തർക്കും നിറയെ ആനന്ദമാണ്, ആയിരം മെഴുതിരി കത്തിച്ച വിളക്കുപോലെ. ഹോ! (*ചിരി*) ശരിക്കും ഈ കുട്ടികൾ അതു പോലെ ചാടിവരികയായിരുന്നു! അതത്ര നിസ്സാരമല്ല. അത് നല്ല രസമായിരുന്നു കാണാൻ. സ്വാമി അവരെ ഇന്റർവ്യൂവിനായി വിളിക്കുമ്പോൾ മിക്കപ്പോളും ഞാനവിടെ ഇരിക്കാറു ണ്ട്-നിങ്ങളെന്നെ കാണാറുണ്ടാവും. ഈ ആളുകൾ നിറയെ സന്തോഷവുമായി അക ത്തേക്ക് പോവും. ഹം...(*ചിരി*) അത്ര സന്തോഷമാണ്!

സ്വാമി ആ കുട്ടികളെ വിളിച്ചു. ആട്ടിൻകുട്ടികളെപ്പോലെ അവർ തുള്ളിച്ചാടി വന്നു. സ്വാമി അവരോട് തിരക്കി, “നിങ്ങൾ എവിടെനിന്നാണ് വരുന്നത്?”

തീർച്ചയായും അവിടുന്നിന് അതറിയാം.

അവർ പറഞ്ഞു, “മെക്സിക്കോ, സ്വാമീ.”

“ഉം.. മെക്സിക്കോ. ഓ, അതു ശരി. നിങ്ങൾ മെക്സിക്കോയിൽ എന്തു ചെയ്യുന്നു?”

സ്വാമി ഒരു കുട്ടിയോട് പ്രത്യേകിച്ചും തിരക്കി, “നീ എന്തു ചെയ്യുന്നു കുട്ടീ?”

“ഇലക്ട്രോണിക്സ് എഞ്ചിനീയർ.”

“കുട്ടീ, നീ എന്തു ചെയ്യുന്നു?”

“ഒരു ബിസിനസ്സ് നടത്തുന്നു, സ്വാമീ.”

“ഓ ബിസിനസ്സ്! നീയോ കുട്ടീ?”

“ഞാൻ മെക്സിക്കോ യൂണിവേഴ്സിറ്റിയിൽ പ്രഫസറാണ്.”

“ഓ, അതു ശരി! നിനക്കെന്തു വേണം? വരൂ, എന്നോട് ചോദിക്കൂ, ഞാനത് നിനക്കു തരാം!”

ഞാനവരെ കുട്ടികൾ എന്ന് പറഞ്ഞെങ്കിലും അവർ ശരിക്കും മുതിർന്നവർതന്നെയെന്ന് നിങ്ങൾക്ക് ഇതിനകം മനസ്സിലായിട്ടുണ്ടാവും. തന്നെയുമല്ല, പ്രായം ചെന്നവരായി അറിയ പ്പെടാൻ ആർക്കും താത്പര്യവുമില്ല. നാമെല്ലാവരും കുട്ടികളാണ്, പ്രത്യേകിച്ചും സ്വാമി യുടെ മുമ്പിൽ.

അവർ പറഞ്ഞു, "സ്വാമീ, ഞങ്ങൾക്ക് അങ്ങയെ മതി! ഞങ്ങൾക്ക് അങ്ങയെ മതി!"

അവരിത് ഏകസ്വരത്തിൽ, ഒരുമയോടെയാണ് പറഞ്ഞത്.




*മെക്സിക്കോയിൽ ഒരു പൊതുസമ്മേളനം*

അപ്പോൾ സ്വാമി തിരക്കി, "നിങ്ങൾ എപ്പോളാണ് തിരികെ പോവുന്നത്? നിങ്ങൾ എപ്പോളാണ് മെക്സിക്കോക്ക് തിരികെ മടങ്ങുന്നത്?

"ഉം..ഏപ്രിൽ 25-ന്, സ്വാമീ."

"നിങ്ങൾ എന്തിനാണ് വന്നത്, നിങ്ങൾ എന്തിനാണ് ഇവിടെ വന്നത്?,"

മെക്സിക്കോയിൽനിന്നുള്ള ഒരുവൻ പറഞ്ഞു, "സ്വാമീ, ഞങ്ങൾ സ്വാമിയുമൊത്ത് അവധി ചെലവഴിക്കാനായി വന്നതാണ്. ഞങ്ങൾ ഞങ്ങളുടെ അവധിദിനങ്ങൾ സ്വാമിയുടെ കൂടെ ചെലവഴിക്കാനാഗ്രഹിച്ച് വന്നതാണ്. അതിനാണ് ഞങ്ങൾ വന്നിരിക്കുന്നത്."

അപ്പോൾ സ്വാമി പറഞ്ഞു, "ശരി, നിങ്ങൾ പോയി ഇരുന്നുകൊള്ളൂ."

അവർ പോവുന്നതിനുമുമ്പ് സ്വാമി പറഞ്ഞു, "ഞാൻ നിങ്ങളെ നാളെ വിളിക്കാം. തയ്യാറായിരിക്കൂ, തയ്യാറായിരിക്കൂ! ഞാൻ നിങ്ങളെ വിളിക്കും."

'ഞാൻ നിങ്ങളെ വിളിക്കാം' എന്ന് സ്വാമി പറഞ്ഞതുകേട്ടിട്ട് അവർ നടക്കുകയല്ലായിരുന്നു. അവർ ഒഴുകാൻ തുടങ്ങി!(*ചിരി*) അവരെ കണ്ടിരിക്കുന്നതുതന്നെ ഒരു പഠനമായിരുന്നു. എനിക്ക് വളരെ സന്തോഷം തോന്നി. അപ്പോൾ, സ്വാമി ഞങ്ങളുടെ നേരെ നോക്കിയിട്ടു പറഞ്ഞു, "ആ വിദേശികളെ കണ്ടോ? എത്ര സന്തോഷമാണ് അവർക്ക്! അവരുടെ മുഖത്ത് നോക്കൂ-സദാ ചിരിയാണ്. കണ്ടോ? ഈ വിദേശികൾ അവരുടെ മിക്ക സമയവും ഇവിടെ പ്രശാന്തിനിലയത്തിലാണ് ചെലവിടുന്നത്. കുട്ടികളേ, നിങ്ങൾക്കറിയാമോ, ഭജനയ്ക്കുശേഷം അവർ പോയി വട്ടത്തിലിരുന്ന് സ്വാമിയുടെ സന്ദേശങ്ങൾ ചർച്ച ചെയ്യുകയാണെന്ന്? അവർ ഭജന പരിശീലിക്കുകയും അവർ ധ്യാനിക്കുകയുമാണ്, അവർ അവരുടെ സമയം വളരെ പ്രയോജനകരമായി ചെലവിടുന്നു. നിങ്ങൾ ഇതറിയണം."

## വൈയക്തിക, സാമൂഹ്യ, ആദ്ധ്യാത്മിക മൂല്യങ്ങൾ

ഇതിനിടയ്ക്ക്, സ്വാമി വശത്തേക്ക് നോക്കിയിട്ട് ഒരു കുട്ടിയെ വിളിച്ചു.

"ഇവിടെ വരൂ കുട്ടീ, നീ എന്തിനാണ് പഠിക്കുന്നത്?"

"സ്വാമീ, പി.എച്ച്.ഡി"

"ഉം, ഡോക്ടറേറ്റ്?"



The human values can progress and thrive only in a spiritual environment.

"അതെ, സ്വാമീ"

"അതു ശരി, നിന്റെ വിഷയം ഏതാണ്?"

"മൂല്യാധിഷ്ഠിത സമൂഹം, സ്വാമീ"

"ഓഹോ! മൂല്യാധിഷ്ഠിതം?"

പെട്ടെന്ന് എനിക്കൊരു അവസരം കിട്ടി, "സ്വാമീ, ഒരു സംശയം."

വാസ്തവത്തിൽ, അവിടുന്ന് ആ വിദ്യാർത്ഥിയോട് സംഭാഷണം ചെയ്യുകയായിരുന്നു, എന്നാൽ ഞാൻ ഇടപെട്ടതിന്റെ കാരണമെന്തെന്നാൽ, ആ ചങ്ങാതി ആരായില്ല, അതാണ്. സ്വാമി പോവും, പിന്നെ ഇതുപോലെ ചില കാര്യങ്ങളറിയാൻ നമുക്ക് അവസരം കിട്ടണമെന്നില്ല. അവിടുന്നത് ഇഷ്ടപ്പെടുന്നില്ലായെങ്കിൽ, കൂടിവന്നാൽ പറയുന്നത്, "ഹേ, മിണ്ടാതിരിക്ക്! അവിടെ ഇരിക്ക്. നേരം വൈകി!" എന്നാവും. അത്രേയുള്ളൂ. അത് പ്രശ്ന മല്ല. നമുക്ക് കുറച്ചു കാര്യങ്ങളെങ്കിലും അറിയാൻ കഴിഞ്ഞാൽ, അത് നന്നാവും.

"സ്വാമീ, എനിക്കൊരു സംശയമുണ്ട്."

അവിടുന്ന് പറഞ്ഞു, "ശരി, എന്താണത്?"




"എന്താണ് വൈയക്തിക മൂല്യങ്ങൾ, എന്താണ് സാമൂഹ്യ മൂല്യങ്ങൾ, എന്താണ് ആദ്ധ്യാത്മിക മൂല്യ ങ്ങൾ? വൈയക്തിക മൂല്യങ്ങൾ, സാമൂഹ്യ മൂല്യങ്ങൾ, ആദ്ധ്യാത്മിക മൂല്യങ്ങൾ, അവ പരസ്പര പൂരകമാണോ അതോ പരസ്പരവിരുദ്ധമോ? എനിക്കറിയണമെന്നുണ്ട്."

ബാബ പറഞ്ഞു, "മാറാത്ത, കാലങ്ങളായി സ്ഥിരമായി നിൽക്കുന്ന, ഭൂത, ഭാവി, വർത്തമാനകാലങ്ങളിലെ മൂല്യ ങ്ങൾ അടിസ്ഥാനമൂല്യങ്ങളാണ്. അവ ആദ്ധ്യാത്മിക മൂല്യങ്ങളാണ്. സമൂഹത്തിന്റെ രീതി കൾ, മാനദണ്ഡങ്ങൾ, ആചാരങ്ങൾ ഇവയനുസരിച്ച്, കാലാകാലങ്ങളായി മാറിക്കൊണ്ടി രിക്കുന്ന മൂല്യങ്ങളാണ് സാമൂഹിക മൂല്യങ്ങൾ. വ്യക്തിപരമായ പെരുമാറ്റം, വ്യക്തിയുടെ പുരോഗതിക്കും ഉന്നമനത്തിനും വേണ്ടി, കൂടാതെ, സമൂഹത്തിന്റെ ക്ഷേമത്തിനായുള്ള സംഭാവനയെന്ന നിലയ്ക്ക്, ഓരോ വ്യക്തിയും ശീലിക്കുന്ന രീതികളാണ് വൈയക്തിക മൂല്യങ്ങൾ."

"സ്വാമീ, ഇത് വളരെ രസകരമാണ്!"

"നിനക്കറിയുമോ", ഭഗവാൻ അരുളി, "മേഘങ്ങൾ വരികയും അപ്രത്യക്ഷമാവുകയും ചെയ്യും, എന്നാൽ ആകാശം നിലനിൽക്കുന്നു. ഒരു കുടവും അതിന്റെ അടപ്പും ഉണ്ടെന്നി

രിക്കട്ടെ, പക്ഷേ രണ്ടും ഒരേ കളിമണ്ണുകൊണ്ട് ഉണ്ടാക്കിയതാണ്. ഇതുപോലെ, ആദ്ധ്യാത്മിക മൂല്യങ്ങൾ നൈരന്തര്യത്തിന്റെ അടിയൊഴുക്കുകൾ, സമൂഹത്തിലെ നാനാത്വത്തിലെ ഏകത്വം, ഉറപ്പിക്കുന്നു. ആദ്ധ്യാത്മികതയും ആദ്ധ്യാത്മികമൂല്യങ്ങളും ഒരിക്കലും നാനാത്വത്തിലേക്ക് നയിക്കില്ല. അവ ഒരിക്കലും ബഹുത്വത്തിലേക്ക് നയിക്കില്ല. ആദ്ധ്യാത്മികമൂല്യങ്ങളുടെ ലക്ഷ്യവും വിഷയവും ഏകത്വമാണ്.''



ഇതിനിടയ്ക്ക്, സംഗീതം ആരംഭിച്ചു, ഭഗവാൻ സിംഹാസനത്തിൽനിന്നും എണീറ്റു. ഓറഞ്ച് അങ്കി ഒരു കരത്താൽ പിടിച്ചുകൊണ്ട്, സുന്ദരമായ ഒരു മന്ദസ്മിതം തൂകി, അവിടുന്ന് സാവധാനം, സൗമ്യനായി, രാജകീയപ്രൗഢിയോടെ ഭജൻഹാളിലേക്ക് അടിവച്ചു തുടങ്ങി.

***സായി രാം, സായി രാം, സായി രാം!***

***ഓം ലോകാ സമസ്താ സുഖിനോ ഭവന്തു***

***ലോകാ സമസ്താ സുഖിനോ ഭവന്തു***

***ലോകാ സമസ്താ സുഖിനോ ഭവന്തു***

***ഓം ശാന്തി: ശാന്തി: ശാന്തി:***

***ജയ് ബോലോ ഭഗവാൻ ശ്രീ സത്യസായി ബാബാജി കി ജയ്***



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)